

ദനഹാക്കാലം
(നാലാം ഞായർ)

എമ്മാവൂസ്
**വചനദൂത്**

# കാനായിലെ കല്യാണം

യോഹ. 2:1–11 (Vol. 9, Issue 40)

ബ്ര. സൂരജ് കടവിൽ, MCBS

ചെറുപ്പം മുതൽ നാമെല്ലാവരും പലതവണ വായിച്ചും പറഞ്ഞും കേട്ട ഒരു തിരുവചനഭാഗമാണ് കാനായിലെ കല്യാണവിരുന്നിന്റെ ഉപമ.

വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ കാനായിലെ കല്യാണവിരുന്നിന്റെ ഉപമ ഉൾക്കൊള്ളിച്ചിരിക്കുന്നതിനു പിന്നിൽ ഒരുപാട് ലക്ഷ്യങ്ങളുണ്ട്. സമാന്തര സുവിശേഷങ്ങളിൽ നിന്നും യോഹന്നാന്റെ സുവിശേഷത്തെ വേർതിരിച്ചു നിർത്തുന്ന ഒരു പ്രധാനഘടകം, ഈ സുവിശേഷം ആഴമേറിയതും അടയാളങ്ങളാലും പ്രതീകങ്ങളാലും സമ്പന്നമായതുകൊണ്ടുമാണ്.

ഇന്ന് നാം വായിച്ചുകേട്ട ഈ തിരുവചനഭാഗം അരങ്ങേറുന്നത് ഒരു കല്യാണവിരുന്നിന്റെ പശ്ചാത്തലത്തിലാണ്. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം വിവാഹവേദിയിൽ വീഞ്ഞ് തീർന്നുപോവുക എന്നത് വലിയ അപമാനകരമായിട്ടാണ് കരുതപ്പെട്ടിരുന്നത്. അതിലുപരി ദൈവാനുഗ്രഹത്തിന്റെ കുറവായിട്ടും യഹൂദന്മാർ കരുതിയിരുന്നു. എന്നാൽ തീർന്നുപോയ വീഞ്ഞിന്റെ കുറവ് അറിയിക്കാതെ സമൃദ്ധമായി വീഞ്ഞ് പകരുകയാണ് കാനായിലെ കല്യാണവേളയിൽ ഈശോ ചെയ്തത്. സ്നേഹമുള്ളവരെ, ഇവിടെ നാം കാണുക മനുഷ്യന്റെ പദ്ധതികളും കണക്കുകൂട്ടലുകളും പരാജയപ്പെടുന്നിടത്ത് അത്ഭുതകരമാംവിധം അവിടെ കടന്നുവന്ന് അവനെ കൈപിടിച്ചുയർത്തുന്ന ദൈവത്തെയാണ്.

ഏതാനും നാളുകൾക്ക് മുമ്പ് ഒരു സൺഡേ സ്കൂൾ അധ്യാപിക പങ്കുവച്ച അനുഭവം ഇപ്രകാരമാണ്: ക്യാൻസർ രോഗം ബാധിച്ച് ലാസ്റ്റ് സ്റ്റേജിലെത്തിയ ടീച്ചറിന്റെ ഭർത്താവിനെ – ഇനി ഞങ്ങൾക്കൊന്നും ചെയ്യാനില്ല; അറിയിക്കേണ്ടവരെയൊക്കെ അറിയിച്ചുകൊള്ളൂ എന്ന് വിധിയെഴുതി വൈദ്യശാസ്ത്രം ഉപേക്ഷിച്ചു. എന്നാൽ

അവിടെ നിന്നും അത്ഭുതകരമായ ഇടപെടലിലൂടെ എന്റെ ഭർത്താവിനെ ദൈവം വീണ്ടും ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവന്നു.

പ്രിയമുള്ളവരെ, ഈ സംഭവവും ഇന്നത്തെ തിരുവചനവും നമ്മോട് പങ്കുവയ്ക്കുന്നതും ഇതു തന്നെയാണ്. മനുഷ്യൻ അവസാനിപ്പിക്കുന്നിടത്ത് തുടങ്ങുന്നവനാണ് ദൈവം. നിന്റെ ജീവിതത്തിലെ പ്രതിസന്ധികൾ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിന്റെ സമയമാണ്. നിന്റെ ജീവിതത്തിൽ പ്രതിസന്ധികൾ അനുവദിക്കുന്നവന് തന്നെ അതിനുള്ള പരിഹാരവും കണ്ടെത്താനാകും. പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിൽ നീ ഒരിക്കലും സ്വയം പരിഹാരം കാണുവാൻ ശ്രമിക്കരുത്. മറിച്ച്, പ്രതിസന്ധികൾക്കുള്ള പരിഹാരം, അവ അനുവദിച്ചവന്റെ കരങ്ങളിൽ തന്നെ നൽകുക എന്നതാണ്. അതോടൊപ്പം തിരിച്ചറിയുക നീ നിന്റെ ജീവിതത്തിലേയ്ക്ക് കർത്താവിനെ ക്ഷണിച്ചാൽ, നിന്റെ ജീവിതത്തിലെ തകർച്ചകൾ ഉയർച്ചകളായും കുറവുകൾ നിറവുകളായും മാറും എന്നതിന് യാതൊരു സംശയവും വേണ്ട. എന്തെന്നാൽ നിയമാവർത്തന പുസ്തകം 31:8-ാം വാക്യം ഇപ്രകാരം പറയുന്നു: “കർത്താവാണ് നിന്റെ മുമ്പിൽ പോകുന്നത്. അവിടുന്ന് നിന്നോടുകൂടെ ഉണ്ടായിരിക്കും. അവിടുന്ന് നിന്നെ ഭഗ്നാശനാക്കുകയോ പരിത്യജിക്കുകയോ ഇല്ല. ഭയപ്പെടുകയോ സംഭ്രമിക്കുകയോ വേണ്ട”. നിന്റെ ജീവിതത്തിൽ നീ ദൈവത്തിന് പ്രവർത്തിക്കാൻ അവസരമൊരുക്കിയാൽ അത്ഭുതം നടക്കുമെന്നതിന് യാതൊരു സംശയവും വേണ്ട. എന്തെന്നാൽ നിന്റെ കൂടെ വസിക്കുന്നവനാണ് ദൈവം. മരുഭൂമിയിലെ ഏകാന്തതയിലും പലായനത്തിന്റെ ദുർഘടവഴിയിലും വിപ്രവാസത്തിന്റെ ഞെരുക്കത്തിലും തന്റെ ജനത്തോടൊപ്പം എന്നുമായിരിക്കുവാൻ ഇമ്മാനുവേലായി വന്നുപിറന്നവനും എന്നും നിന്നോടുകൂടെ നിന്റെയുള്ളിൽ വസിക്കുവാൻ കുർബാനയായവാനുമാണ് നിന്റെ ദൈവം.

അതിനാൽ പ്രിയപ്പെട്ട മകനെ/മകളെ, നിന്റെ ജീവിതത്തിലെ ഭരണികൾ കാലിയാകുമ്പോൾ നീ ഭയപ്പെടേണ്ടതില്ല; ഭരണികൾ കാലിയാകുന്നുവെന്ന് തോന്നുമ്പോൾ നീ വിഷം വാങ്ങാനും വിശ്വാസം ഉപേക്ഷിക്കാനും ഒരുമുഴം കയറെടുക്കുവാനുമായിരിക്കും പോകുന്നത്. മറിച്ച്, നീ പോയി കൈകളിലെടുക്കേണ്ടത് ജപമാല റാണിയായ പരിശുദ്ധ അമ്മയെ ആയിരിക്കണം. എന്തെന്നാൽ നിന്റെ ജീവിതമാകുന്ന കലവറയിലെ കുറവിനെ ഇരുചെവി അറിയാതെ പരിഹരിക്കുവാൻ സാധിക്കുന്നവളാണ് പരിശുദ്ധ അമ്മ. നിന്റെ കുടുംബത്തിൽ ക്ഷണിക്കപ്പെടാതെ എത്തുന്ന അതിഥിയാണ് പരിശുദ്ധ അമ്മ. ആ അമ്മയെ നീ പടിയിറക്കി വിടരുത്. അമ്മ വെറും സ്ത്രീയാണ്, അല്ലെങ്കിൽ വെറും മുട്ടത്തോട് മാത്രമാണ് എന്ന അജ്ഞത പറഞ്ഞുപഠിപ്പിക്കുന്ന ഒരു ജനത്തിന്റെ കെണിയിൽ നീ വീഴരുത്. “സ്ത്രീയേ, എനിക്കും നിനക്കും എന്ത്” എന്ന ഈശോയുടെ വാക്കുകൾ ബഹുമാനക്കുറവിന്റെയോ സ്നേഹമില്ലായ്മയുടെയോ അല്ല. മറിച്ച്, രക്ഷാകരചരിത്രത്തിലെ സ്ത്രീയാണ് തന്റെ അമ്മയെന്ന് അവിടുന്ന് സാക്ഷ്യം നൽകുകയാണ്. ഉൽപത്തി പുസ്തകം 3:15 -ാം വാക്യം അവിടെ നിറവേറുകയാണ്. “നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും”. അതിനാൽ പ്രിയമുള്ളവരെ, നമ്മുടെ കുടുംബമാകുന്ന കാനായിൽ അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് നിറയാൻ ഈശോയെയും അവിടുത്തെ അമ്മയെയും നമുക്ക് ക്ഷണിക്കാം.

അവിടുന്ന് നിന്റെ കുടുംബത്തിലേയ്ക്ക് കടന്നുവന്നാൽ നീ നിന്റെ കുറവുകളെയോർത്ത് ഭയപ്പെടുകയോ അസ്വസ്ഥനാവുകയോ വേണ്ട. എന്തെന്നാൽ കുറവുകളെ നിറവുകളാക്കുന്നവനാണ് നിന്റെ ദൈവം. അതിനാൽ 23 -ാം സങ്കീർത്തകനോട് ചേർന്നു നിന്ന് നമുക്കും ഇപ്രകാരം പറയാൻ സാധിക്കണം.

“കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല”.

ആമേൻ